പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 120 | 26/09/2011 - ൽ മറുപടിക്ക്

<u>അക്രമവാസനകൾ നിരുത്സാഹപ്പെടുത്താൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

| | |
|---|---|
| സമൂഹത്തിൽ വളർന്നു വരുന്ന അനഭലഷണീയ പ്രവണതകളെയും അക്രമവാസനകളെയും നിരുത്സാഹപ്പെടുത്താൻ ഉതകുന്നവിധത്തിലുള്ള പരിഷ്ക്കരണ നടപടികൾക്ക്, വിദ്യാഭ്യാസ മേഖലയെയും, ഭരണ മേഖലയെയും വിധേയമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ? | പുകവലിയുടെയും പാൻപരാഗ് ഉൾപ്പെടെയുള്ള ഉത്പന്നങ്ങളുടെയും വ്യാപകമായ ഉപയോഗം കുറയ്ക്കാൻ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും സ്കൂളുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് ബോധവത്കരണ ക്ലാസുകളും ലഹരി വിരുദ്ധ പ്രതിജ്ഞയും റാലിയും നടത്തി. ലഹരി ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹകരണം തേടി മുഖ്യമന്ത്രി തന്നെ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയ്ക്കും കത്തെഴുതിയിട്ടുണ്ട്. വിദ്യാഭ്യാസേതര മേഖലകളിലും ഇത്തരം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ